

# കേരള വ്യവസായനയം
# ഇടതുപക്ഷ കേരളമോ? കോർപ്പറേറ്റ് മുതലാളിത്തമോ?

സൗത്ത് ഏഷ്യ ഫീച്ചേഴ്സ്, കൊച്ചി

**കേരളത്തിന്റെ വ്യവസായ വാണിജ്യനയം ഇക്കഴിഞ്ഞ ജൂൺ മാസത്തിൽ സംസ്ഥാന സർക്കാർ പുറത്തിറക്കി. പ്രത്യേക സാമ്പത്തിക മേഖലകൾ (സെസ്സ്) കേരളത്തിൽ പ്രോത്സാഹിപ്പിക്കുമെന്ന് പച്ചയായി പറഞ്ഞിരിക്കുന്നു.**

4. ഊന്നൽ മേഖലകളും ഭാവി ലക്ഷ്യങ്ങളും

b. വ്യാവസായിക ടൗൺഷിപ്പുകൾ: വ്യാവസായിക മേഖലകളിൽ വ്യവസായസംരംഭകർക്ക് ലോകനിലവാരത്തിലുള്ള സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് ഇൻഡസ്ട്രിയൽ ടൗൺഷിപ്പുകൾ സ്ഥാപിക്കും. ഇതിനായി പാലക്കാട് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് എന്ന പ്രോജക്ട്, തിരുവനന്തപുരം, എറണാകുളം, പാലക്കാട് തുടങ്ങിയയിടങ്ങളിൽ നോളജ് സിറ്റികൾ എന്നിവ ലക്ഷ്യമിടുന്നു.

c. പ്രത്യേക സാമ്പത്തിക മേഖലകൾ (സെസുകൾ): കേരളത്തിലെ പരിതസ്ഥിതിക്ക് യോജിക്കുന്ന വിധത്തിലുള്ള അടിസ്ഥാന സൗകര്യങ്ങളും അനുബന്ധ സംവിധാനങ്ങളുമുള്ള ഉല്പന്നാധിഷ്ഠിത സെസുകൾ, (സേവന സെസുകൾ ഉൾപ്പെടെ) പ്രോത്സാഹിപ്പിക്കും. കോഴിക്കോട്,

**വ്യവസായ നയം ഊന്നുന്നതെവിടെ?**

ആഗോള-നവലിബറൽ നയസമീപനങ്ങളിൽ നിന്ന് മാറി സഞ്ചരിക്കുന്നുവെന്നാണ് കേരള സംസ്ഥാന വ്യവസായ വാണിജ്യനയം-2007 അവകാശപ്പെടുന്നത്. നവലിബറൽ നയങ്ങൾ സംസ്ഥാനത്തിന്റെ സാമ്പത്തിക ഘടനയെ തകർത്തുവെന്നും പരമ്പരാഗത വ്യവസായ മേഖലയെ വംശനാശത്തിന്റെ വക്കിൽ എത്തിച്ചുവെന്നും വ്യവസായനയം പ്രസംഗിക്കുന്നു. എന്നാൽ ഈ വാക്കുകളെല്ലാം പ്രസംഗം മാത്രമായി ഒതുങ്ങുകയും ഇടതുപക്ഷ നിലപാടുകാരുടെ കൈയ്യടി വാങ്ങുകയും ചെയ്യുക എന്ന ഏക അജണ്ട ഉദ്ദേശിച്ചുമാത്രമുള്ളതാണെന്ന് വ്യവസായ നയത്തിന്റെ ഊന്നൽ മേഖലകളിലൂടെ കടന്നുപോകുമ്പോൾ മനസ്സിലാവും. അടിസ്ഥാനപരമായ മാറ്റങ്ങളൊന്നും ഇതിൽ നിന്ന് പ്രതീക്ഷിക്കേണ്ടതില്ല എന്നുതന്നെയാണ് ഇടതുപക്ഷസർക്കാരിന്റെ വ്യവസായ നയം സൂചിപ്പിക്കുന്നത്.

നവലിബറൽ സാമ്പത്തിക നയങ്ങളുടെ ഗുണഭോക്താവാകാൻ പൂർണ്ണമായും കഴിയാത്തതിന്റെ നിരാശ സംസ്ഥാനവ്യവസായ നയം പ്രകടമാക്കുമ്പോൾ തന്നെയാണ് അതിനെ വിമർശിക്കാൻ ശ്രമിക്കുന്നതും. ഊന്നലുകൾ പ്രസക്തമാകുന്നത് ഇവിടെയാണ്. 2000-05 കാലഘട്ടത്തിൽ ഇന്ത്യയിൽ 68106 കോടി രൂപ വിദേശ നിക്ഷേപം എത്തിയപ്പോൾ ഇതിൽ 275 കോടി രൂപമാത്രമാണ് കേരളത്തിലേക്കെത്തിയതെന്ന് നയരേഖ പരിതപിക്കുന്നു.

വൻതോതിൽ വിദേശ നിക്ഷേപം സ്വീകരിക്കുക എന്നതുതന്നെയാണ് സർക്കാർ നയമെന്ന് പറയാതെ പറയുന്നുണ്ട് ഈ നയരേഖ. ഒപ്പം ഏതുവിധേനയും നിക്ഷേപം സ്വീകരിക്കുകയെന്നതാണ് നയത്തിന്റെ ഉൾക്കാമ്പ്. സ്വദേശ വിദേശ കുത്തകകൾക്ക് ആനന്ദകരമായ വ്യവസ്ഥകൾ തന്നെയാണ് ഊന്നൽ മേഖലകളിൽ കാണാൻ കഴിയുക. ഇന്ത്യയിലുടനീളം കർഷകരും സാധാരണ തൊഴിലാളികളും ചെറുകിട വ്യവസായികളും ഭീതിയോടെ കാണുന്ന പ്രത്യേകസാമ്പത്തിക മേഖലകൾ പലപേരുകളിൽ അവതരിപ്പിക്കുവാനുള്ള ശ്രമങ്ങളാണ് വ്യവസായനയം ലക്ഷ്യം വെയ്ക്കുന്നത്. പ്രാദേശികവികസനം, സമതുലിത വികസനം, സുസ്ഥിരത, പരിസ്ഥിതി സൗഹൃദം തുടങ്ങി ഒട്ടേറെ ഭംഗിവാക്കുകൾ ഉപയോഗിക്കുന്നുണ്ടെങ്കിലും ഇതിനെല്ലാമായി പ്രായോഗികമായി സ്വീകരിക്കുന്നത് 'നിരവധി വ്യവസായ പാർക്കുകൾ, വ്യവസായ ടൗൺഷിപ്പുകൾ, വ്യവസായ ഇടനാഴികൾ, പ്രത്യേക സാമ്പത്തിക മേഖലകൾ എന്നിവ'യാണ്. പദ്ധതിക്കാലത്ത് ഉദ്ദേശിക്കുന്ന പ്രധാന നടപടികളിൽ പ്രത്യേക സാമ്പത്തിക മേഖലകളെ പ്രത്യേകം പ്രോത്സാഹിപ്പിക്കും എന്ന് വ്യക്തമാക്കുന്നുണ്ട്. ഉൽപന്നാധിഷ്ഠിത സെസുകൾ, സേവന സെസുകൾ എന്നിവയും പ്രോത്സാഹിപ്പിക്കും. പ്രത്യേക സാമ്പത്തിക മേഖലകളുടെ പ്രചാരകരും ഉത്സാഹക്കമ്മിറ്റികളുമായിരുന്ന ലോക ബാങ്ക് അടക്കമുള്ള ആഗോള സാമ്പത്തിക ഏജൻസികൾ പോലും സെസുകളുടെ കാര്യക്ഷമതയിൽ ഉത്കണ്ഠകൾ രേഖപ്പെടുത്തിക്കഴിഞ്ഞ സാഹചര്യത്തിലാണ് **കേരളത്തിലെ ഇടതുപക്ഷ സർക്കാരിന്റെ വ്യവസായ നയം വ്യക്തമായ പശ്ചിമബംഗാൾ മോഡൽ വികസന പാത സ്വീകരിച്ചിരിക്കുന്നത്. ഒരൊറ്റ വ്യത്യാസം മാത്രം- കേരളത്തിന്റെ പരിസ്ഥിതിക്കിണങ്ങുന്നതായിരിക്കും(!) സെസുകൾ എന്ന വാചകം കൂട്ടിച്ചേർത്തിട്ടുണ്ട്.**

രണ്ടാം ഭൂപരിഷ്കരണ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചുവെന്ന് അവകാശപ്പെടുന്ന സർക്കാരിന്റെ ഭൂവിനിയോഗ നയം എന്തായിരിക്കുമെന്നതിനെക്കുറിച്ചുള്ള വേണ്ടുവോളം സൂചനകൾ വ്യവസായ നയം നൽകുന്നുണ്ട്. വികസനം എന്നത് രാജ്യസുരക്ഷപോലെ ചോദ്യം ചെയ്യപ്പെടാനാവാത്ത വിശുദ്ധവാക്ക് ആയതു

## പുതിയ വ്യവസായനയം ചുരുക്കത്തിൽ

നിക്ഷേപ വളർച്ചയ്ക്കും പൊതുമേഖല, പരമ്പരാഗത വ്യവസായങ്ങളുടെ സംരക്ഷണത്തിനും ഊന്നൽ നൽകുന്ന സംസ്ഥാന സർക്കാരിന്റെ വ്യവസായനയം മന്ത്രി എളമരം കരീം പ്രഖ്യാപിച്ചു. വർദ്ധിച്ച തോതിലുള്ള വ്യവസായവത്കരണവും വാണിജ്യ പ്രവർത്തനങ്ങളിലുള്ള കുതിച്ചു ചാട്ടവും വഴി സാമൂഹ്യ ലക്ഷ്യങ്ങൾക്ക് ഊന്നൽ നല്കി ഉയർന്ന തോതിലും സുസ്ഥിരവുമായ സാമ്പത്തിക വളർച്ച ഉറപ്പാക്കുക എന്നതാണ് പുതിയ നയത്തിന്റെ കാഴ്ചപ്പാട്. അത്തരമൊരു വളർച്ച പരിസ്ഥിതിയെ ദോഷകരമായി ബാധിക്കാത്തതും വലിയ തോതിൽ തൊഴിലവസരങ്ങളും ന്യായമായ വേതനവും ഉറപ്പുവരുത്തുന്നതുമാകണമെന്നും നയരേഖ വിഭാവനം ചെയ്യുന്നു. ഇതു വഴി കേരളത്തെ ഒരു നിക്ഷേപ സൗഹൃദ മേഖലയാക്കി മാറ്റുകയാണ് ലക്ഷ്യം. താഴെപ്പറയുന്ന ലക്ഷ്യങ്ങളാണ് ഇതിനായി നയരേഖ മുന്നോട്ടു വെയ്ക്കുന്നത്.

1. മാനുഫാക്ചറിങ്, അഗ്രോപ്രോസസിങ്, ആരോഗ്യ സേവനം, വിജ്ഞാനാധിഷ്ഠിത വ്യവസായങ്ങളും സേവനങ്ങളും എന്നീ മേഖലകളിലെ നിക്ഷേപകരുടെ പ്രമുഖ ലക്ഷ്യകേന്ദ്രമായി കേരളത്തെ മാറ്റുക.

2. സാങ്കേതിക വിദ്യകളുടെ പരിഷ്കരണം, വൈവിദ്ധ്യവത്കരണം, കാര്യക്ഷമമായ മാനേജ്മെന്റ്, കേന്ദ്ര പൊതുമേഖല ലക്ഷ്യമായുള്ള സഹകരണം എന്നിവ വഴി കേരളത്തിലെ പൊതുമേഖലാസ്ഥാപനങ്ങളുടെ ശക്തിപ്പെടുത്തൽ.

3. ആധുനികവത്കരണം, മൂല്യവർധന, നൈപുണീവികസനം എന്നിവ വഴി പരമ്പരാഗത വ്യവസായങ്ങളുടെ മത്സരശേഷി വളർത്തുക.

4. വലിയ തോതിൽ തൊഴിൽ സാധ്യതകൾ നൽകുന്നതിനുള്ള ചെറുകിട വ്യവസായങ്ങളുടെ പങ്ക് കണക്കിലെടുത്ത് അവയെ വൻകിട വ്യവസായങ്ങളുടെ അനുബന്ധ മേഖല എന്ന നിലയിലും സ്വയം നിലനിൽക്കുന്നത് എന്ന നിലയിലും പ്രോത്സാഹിപ്പിക്കുക.

5. മൈനിങ് പ്രവർത്തനങ്ങൾ പൊതുമേഖലയിൽ നിലനിർത്തിക്കൊണ്ടും പരിസ്ഥിതി സംരക്ഷണം ഉറപ്പാക്കിക്കൊണ്ടും സംസ്ഥാനത്തെ സമൃദ്ധമായ ധാതുസമ്പത്തിനെ ഉപയോഗപ്പെടുത്തുക.

6. വല്ലാർപ്പാടം കണ്ടയ്നർ ടെർമിനൽ, വിഴിഞ്ഞം ആഴക്കടൽ തുറമുഖം, പെട്രോനെറ്റ് എൽ.എൻ.ജി. ടെർമിനൽ എന്നിവ വഴിയുള്ള വ്യവസായ-വാണിജ്യ സാധ്യതകൾ പൂർണ്ണമായി ഉപയോഗപ്പെടുത്തുക.

7. വ്യവസായ-വാണിജ്യ-സേവന മേഖലകളിൽ വൻതോതിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.

8. ഇരുഭാഗത്തിനും പ്രയോജനകരമായ വ്യവസ്ഥകളോടെ വലിയ തോതിൽ മൂലധന നിക്ഷേപം ആകർഷിക്കുക.

9. ബയോടെക്നോളജിയുടെ വർദ്ധിച്ച വ്യവസായ സാധ്യതകൾ മുതലെടുക്കുക.

10. കേരളത്തെ ഒരു പ്രധാന വാണിജ്യ കേന്ദ്രമാക്കി മാറ്റാൻ കഴിയുംവിധം സേവനമേഖലയിലെ വളർച്ച ത്വരിതപ്പെടുത്തുക.

11. കേരളത്തെ മികച്ച വിദ്യാഭ്യാസ, നൈപുണീ ശേഷികൾ ഉള്ളതും വിവിധ മേഖലകളിൽ ശേഷികൾ നേടിയതും സാങ്കേതികമായി സമർത്ഥരുമായ വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പൂൾ സൃഷ്ടിച്ച് കേരളത്തെ ആഗോളതലത്തിൽ മികവിന്റെ കേന്ദ്രമാക്കുക.

ഈ നടപടികൾക്കാവശ്യമായ ഹ്രസ്വകാല ദീർഘകാല നടപടികളും നയരേഖ വിശദമാക്കുന്നുണ്ട്.

പോലെത്തന്നെ അടിസ്ഥാന സൗകര്യവികസനം എന്നത് കുറച്ചുകൂടി കൂടുതൽ അവകാശങ്ങളുള്ള പ്രക്രിയയായി മാറിയിരിക്കുന്നു. അടിസ്ഥാന സൗകര്യവികസനത്തിനായി പൊതു-സ്വകാര്യ സംരഭക കൂട്ടായ്മയിൽ വസ്തു ഏറ്റെടുക്കുന്നതിന് സുതാര്യവും ശീഘ്രഗതിയിലുള്ളതുമായ നയമാണ് വിഭാവനം ചെയ്യപ്പെട്ടിട്ടുള്ളത്. വ്യാപാര-വ്യവസായത്തിനായി വസ്തു പാട്ടത്തിനെടുക്കുന്നതും നയം പ്രോത്സാഹിപ്പിക്കുന്നു. നിലവിലുള്ള വ്യവസായങ്ങൾക്ക് കൂടുതൽ സ്ഥലം അക്വയർ ചെയ്യൽ കൂടുതൽ എളുപ്പമാക്കും.

ഭൂമിയുടെ ലഭ്യതക്കുറവാണ് വ്യവസായ വികസനത്തിന് തടസ്സം നിൽക്കുന്നതെന്ന് സർക്കാർ മനസ്സിലാക്കുന്നു. അത് പരിഹരിക്കാൻ ഫാരിസ് മോഡൽ ലാന്റ് ബാങ്ക് ഉണ്ടാക്കാൻ ഇനി സർക്കാരും സഹകരിക്കും. "തന്ത്രപ്രധാനമായ കേന്ദ്രങ്ങളിൽ വ്യവസായ വികസനം ലക്ഷ്യമിട്ട് സർക്കാരിന്റെ നേതൃത്വത്തിൽ ഇൻകൽ (ഇൻഫ്രാ സ്ട്രക്ചർ കേരള ലിമിറ്റഡ്) ഭൂമി ഏറ്റെടുക്കും. ഈ വസ്തു ഭാവിയിലെ വ്യവസായ വളർച്ചയ്ക്കും അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യങ്ങൾക്കുമായി ഭൂമി ബാങ്കുകളായി നിലനിർത്തും". കയ്യേറ്റക്കാരിൽ നിന്നും പിടിച്ചെടുത്ത ഭൂമി പാവങ്ങൾക്ക് വിതരണം ചെയ്യുമെന്ന് പ്രഖ്യാപിച്ച അതേ സർക്കാർ നാവുതന്നെ 'തന്ത്രപ്രധാനമായ കേന്ദ്രങ്ങളിൽ' ലാന്റ് ബാങ്ക് ഉണ്ടാക്കാൻ ലക്ഷ്യമിടുന്നുവെന്നതാണ് വൈരുദ്ധ്യം. തന്ത്രപ്രധാനം എന്ന പദത്തിന് സർക്കാർ നൽകുന്ന നിർവ്വചനങ്ങൾക്കനുസരിച്ചായിരിക്കും ഇനി കേരളത്തിലെ പൊതുഭൂമിയുടെ ഭാവി. വളരെ ലാഘവത്തോടുകൂടി പറഞ്ഞുപോകുന്ന മറ്റൊരു വാക്യം കൂടി നയത്തിന്റെ പ്രധാന ആണിക്കല്ലാണ്. ഇൻസ്റ്റിറ്റ്യൂഷണൽ മെക്കാനിസം എന്ന തലവാചകത്തിനുകീഴെ ഇങ്ങനെ കുറിച്ചിരിക്കുന്നു. 'സംസ്ഥാനത്ത് അടിസ്ഥാന സൗകര്യവികസനത്തിനും നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനും ആവശ്യമായ സംവിധാനങ്ങളും സുരക്ഷാനടപടികളും ഏർപ്പെടുത്തും.' ഇതിന്റെ മലയാളം ഇങ്ങനെയാണ്. അടിസ്ഥാനസൗകര്യവികസനം- സൂപ്പർ ഹൈവേകൾ മുതൽ ഹൈടെക് നോളജ് സിറ്റി വരെ- കൊണ്ടുവരുന്നവർക്ക് സർക്കാർ സുരക്ഷയും സൗകര്യവും കൊടുക്കും. പച്ചക്കൊടിയും പൊലീസുമായി ഇനി ഇവ കടന്നുവരും. സൂപ്പർ ഹൈവേയെ എതിർത്തവർ തന്നെ പുതിയ പേരുകളിൽ ഇതേ പദ്ധതികൾ കൊണ്ടുവരും. എ ഡി ബി വായ്പയ്ക്ക് സമ്മതം മൂളിയപ്പോൾ കേട്ട അതേ ന്യായീകരണങ്ങൾ നമ്മൾ വീണ്ടും കേൾക്കേണ്ടി വരും.

*(അവസാനിക്കുന്നില്ല)*